# പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (FOREST, ENVIRONMENT AND TOURISM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്

(2026-2027)

**SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**

**(2026-2027)**

2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്

**(Presented on 23rd February, 2026)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2026

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്

## (2026 -2027)

**SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**

**(2026-2027)**

224/2026.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. എ. കെ. ശശീന്ദ്രൻ,

വനം-വന്യജീവി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ്. സുപാൽ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# അവതാരിക

2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 6-2-2026, 11-2-2026 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XVII | — | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം മേജർ ഹെഡ് -3435 എക്കോളജിയും എൻവയോൺമെന്റും |
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജല വിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXXIV | — | വനം, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് |
| ധനാഭ്യർത്ഥന നമ്പർ XLII | — | വിനോദസഞ്ചാരം |

മേല്പറഞ്ഞ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

പ്രസ്തുത വിവരങ്ങൾ പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 19-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എ. കെ. ശശീന്ദ്രൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXIV - വനം

വോട്ട് ചെയ്യുന്നത് - 10,98,21,73,000 രൂപ.

ചാർജ്ജ് ചെയ്യുന്നത് - 3,17,000 രൂപ

**പ്ലാൻ**

2406-01-003-97—മാനവശേഷി വികസനം

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ

1. മനുഷ്യവിഭവശേഷി വർദ്ധനവിലൂടെയും മതിയായ പരിശീലനത്തിലൂടെയും വനം വകുപ്പിന്റെ ശാക്തീകരണമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന ഏജൻസികൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-004-92—വിഭവ ആസൂത്രണവും ഗവേഷണവും

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

2. ഫോറസ്റ്റ് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിനും ഈ വിഭാഗത്തിന് കീഴിൽ നടന്നുവരുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾക്കുമായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 64 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-101-81—വന സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ

3. വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി ആധുനികവത്കരിക്കൽ, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തൽ തുടങ്ങിയവയ്ക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക

അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-101-78—സാമൂഹിക വന വിപുലീകരണവും കാർഷിക വനവൽക്കരണവും

(01)—വനവിപുലീകരണം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

4. സാമൂഹിക വന വിപുലീകരണത്തിന്റെ ഭാഗമായുള്ള തൈ ഉൽപ്പാദനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി, വിദ്യാവനം, നഗര വനം, ഫോറസ്ട്രി ക്ലബ്, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായ പദ്ധതി, വഴിയോര തണൽ, തീരവനം, ബയോഡൈവേഴ്സിറ്റി കൺസർവേഷൻ പ്രവർത്തനങ്ങൾ, ബയോഡൈവേഴ്സിറ്റി പാർക്ക്, ബട്ടർഫ്ലൈഗാർഡൻ, തീരദേശ പുനഃസ്ഥാപന പരിപാടി, ഔഷധത്തോട്ടം, ബാംബൂസെറ്റം, അർബൻ ഫോറസ്ട്രി എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-101-76—പരിസ്ഥിതി പുനഃസ്ഥാപനം

ബഡ്ജറ്റ് വിഹിതം : 31 ലക്ഷം രൂപ

5. വന്യജീവികളുടെ ആവാസവ്യവസ്ഥ പുഷ്ടിപ്പെടുത്തൽ, അധിനിവേശ സസ്യവർഗ്ഗങ്ങളുടെ ഉന്മൂലനം, കാട്ടുതീ, മണ്ണൊലിപ്പ് തടയൽ, പ്രസക്തമായ ആവാസവ്യവസ്ഥകളുടെ സംരക്ഷണം എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 69 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-800-57—ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രഫിക്കൽ വിവര സമ്പ്രദായവും

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ

6. വനം വകുപ്പിന്റെ സേവനങ്ങളിലും കണക്റ്റിവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾക്കായും ജീവനക്കാർക്കുള്ള വിവിധ

ട്രെയിനിംഗുകളുടെ നടത്തിപ്പ് തുടങ്ങിയവയ്ക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-68—ജൈവവൈവിധ്യ സംരക്ഷണം

34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 5.97 കോടി രൂപ

7. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടേയും ജന്തുജാലങ്ങളുടെയും സംരക്ഷണം, പരിസ്ഥിതി വികസന പ്രവൃത്തികൾ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.03 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-48—പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണകേന്ദ്രം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

8. മൃഗങ്ങളുടെ പരിപാലനത്തിനും ഓഫീസ് ചെലവുകൾക്കും അറ്റകുറ്റപണികൾക്കും ഹെർബീവോർ സഫാരിക്കായും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-29—കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ

9. ആനകളുടെ പരിപാലന ചെലവ്, ഓഫീസ് ചെലവുകൾ, അറ്റകുറ്റപണികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നീക്കിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-101-99—<u>വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും)</u>

01—<u>വനസംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ

10. വനാതിർത്തികളുടെ സർവ്വേയും ഡിജിറ്റലൈസേഷനും പൂർത്തീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആധുനികവത്കരിക്കുന്നതിനുമായി നീക്കിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4406-01-105-87—<u>തോട്ടങ്ങളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കൽ</u>

01—<u>വന്മരത്തോട്ടങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ

11. അന്തിമവെട്ട് പൂർത്തിയാക്കിയ സ്ഥലങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക, നട്ടുപിടിപ്പിച്ച തോട്ടങ്ങൾ പരിപാലിക്കുക തുടങ്ങിയവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4406-01-800-91—<u>പരിസ്ഥിതി വിനോദസഞ്ചാരം</u>

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

12. നിലവിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളുടെ ആധുനികവത്കരണം, ഈ കേന്ദ്രങ്ങളെ മറ്റുള്ളവയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്യൂട്ടുകൾ രൂപപ്പെടുത്തൽ തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**നോൺപ്ലാൻ**

2406-01-105-99—സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ

13. പ്രായമെത്തിയ തേക്ക് ഉൾപ്പെടെയുള്ളവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ പ്രവർത്തികൾക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-105-94—കന്നുകാലികൾ

ബഡ്ജറ്റ് വിഹിതം : 8 കോടി രൂപ

14. വനം വകുപ്പ് വിവിധ സ്ഥലങ്ങളിലായി സംരക്ഷിക്കുന്ന കടുവകൾ, ആനകൾ, പുള്ളിമാൻ തുടങ്ങിയവയ്ക്കുള്ള തീറ്റ, ആരോഗ്യപരിപാലനം, ഇവയെ പരിപാലിക്കുന്ന ജീവനക്കാർക്കുള്ള വേതനം തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-800-92—വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം

ബഡ്ജറ്റ് വിഹിതം : 2.2 കോടി രൂപ

15. വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള 31-1-2026 വരെയുള്ള അപേക്ഷകളിന്മേലുള്ള ആശ്വാസധനം കൊടുത്തുതീർക്കുന്നതിന് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.8 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതു ശിപാർശകൾ**

1. വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കാർഷിക വിളനാശത്തിനുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നഷ്ടപരിഹാര നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതു സംബന്ധിച്ച ഭരണപരവും നിയമപരവുമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. വന്യജീവി ആക്രമണങ്ങൾക്കിരയായി ദീർഘകാലം ചികിത്സയിൽ കഴിയേണ്ടി വരുന്ന വ്യക്തികൾക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിനു പുറമേ തുടർ ചികിത്സയ്ക്കായി സമഗ്രമായ ഒരു പാക്കേജ് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി (നവകിരണം) ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. സാമ്പത്തിക പരിമിതി മൂലം ആയതു പൂർണ്ണമായും തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി മതിയായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ഇക്കോ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ബോർഡ് രൂപീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ ഭരണപരവും നിയമപരവുമായ നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XVII

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 3,41,54,78,86,000 രൂപ |
| ചാർജ് ചെയ്തത് | - | 31,51,000 രൂപ |

## പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്

**പ്ലാൻ**

3435-03-102-87—<u>കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി</u>

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ

16. പത്ത് ജില്ലകളിലേയും ബോധവൽക്കരണ പരിപാടികൾ, Shoreline Management Plan തയ്യാറാക്കൽ തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ</u>

94 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3435-04-104-99—സ്റ്റേറ്റ് എൻവിറോൺമെന്റ് ഇംപാക്റ്റ് അസ്സസ്സ്മെന്റ് അതോറിറ്റി (എസ്.ഇ.ഐ.എ.എ)

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ (പ്ലാൻ)

17. SEIAA കേരളയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**പ്ലാൻ**

3435-04-188-99—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ

18. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പൊതുജന ബോധവൽക്കരണം, Environmental Compliance ഉറപ്പാക്കൽ തുടങ്ങിയവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXXIV

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**നോൺ പ്ലാൻ**

2406-02-188-99-31—കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് സഹായധനം - ശമ്പളം - 1.375 കോടി രൂപ

2406-02-188-99-36—സഹായധനം- ശമ്പളേതരം-19.25 ലക്ഷം രൂപ

19. നിലവിൽ ശമ്പള ശമ്പളേതര ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ യഥാക്രമം 99.02 ലക്ഷം, 28.40 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

വോട്ട് ചെയ്തത് - 5,02,70,94,000 രൂപ.

ചാർജ് ചെയ്തത് - .............

**പ്ലാൻ**

3452-01-102-95—പരിസ്ഥിതി ടൂറിസം ഉല്പന്നങ്ങളുടെ വികസനം

ബഡ്ജറ്റ് വിഹിതം : 1.9 കോടി രൂപ

20. ഇക്കോടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-99—പരിസ്ഥിതി സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും

ബഡ്ജറ്റ് വിഹിതം : 29 കോടി രൂപ

21. വിദേശ-തദ്ദേശീയ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധ സാംസ്കാരികോത്സവങ്ങളും വിവിധങ്ങളായ സാഹസിക വിനോദ പ്രവർത്തനങ്ങളും നടത്തുന്നതിലേക്കായുള്ള ധനസഹായം വിതരണം ചെയ്യുന്നതിലേക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-98—**വിപണനം**

34 (03) മറ്റ് ചെലവുകൾ —മറ്റിനം

ബഡ്ജറ്റ് വിഹിതം : 85 കോടി രൂപ

22. തദ്ദേശ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ രാഷ്ട്ര-അന്താരാഷ്ട്ര തലത്തിലുള്ള വിപണന ക്യാമ്പയിൻ നടത്തുന്നതിനും പുതിയ മാർക്കറ്റുകൾ കണ്ടെത്തി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള ക്യാമ്പയിൻ നടത്തുന്നതിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ

15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-91—ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും (ഡി.റ്റി.പി.സി) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളും (ഡി.എം.സി)

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ

23. ഈ ശീർഷകത്തിൽ സ്പിൽ ഓവറായി വരുന്ന പ്രവൃത്തികൾക്കായി അനുവദിച്ചിരിക്കുന്ന തുക മുൻവർഷത്തേക്കാൾ പരിമിതമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-20—ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം

ബഡ്ജറ്റ് വിഹിതം : 10.46 കോടി രൂപ

24. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പരിമിതമാണ്. അടുത്ത വർഷത്തെ ബോട്ട് റേസ് ലീഗ് നടത്തുന്നതിനും മുൻ വർഷങ്ങളിലെ സ്പിൽ ഓവർ ബില്ലുകൾ അനുവദിക്കുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

34(3)- മറ്റ് ചെലവുകൾ—മറ്റിനം

ബഡ്ജറ്റ് വിഹിതം : 159 കോടി രൂപ

25. സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും, നിലവാരം മെച്ചപ്പെടുത്തുന്നതിനും, വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ

26. ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ ഗസ്റ്റ് ഹൗസിലെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും വിവിധ യാത്രി നിവാസിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-190-99—കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 14.1 കോടി രൂപ

27. നിലവിലെ പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രസ്തുത തുക പരിമിതമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-800-84—മുസിരിസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി

ബഡ്ജറ്റ് വിഹിതം : 14 കോടി രൂപ

28. തലശ്ശേരി പൈതൃക പദ്ധതി, മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തിരുവിതാംകൂർ പൈതൃക പദ്ധതി എന്നീ പ്രവർത്തികൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നോൺ പ്ലാൻ**

3452-01-103-99—ഗതാഗതം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

21(2)—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും : 1.2 കോടി രൂപ

45—പി.ഒ.എൽ : 2.1945 കോടി രൂപ

29. ടൂറിസം വകുപ്പിന് കീഴിൽ വി.ഐ.പി.-കൾ, വി.വി.ഐ.പി.-കൾ എന്നിവർക്കുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക പുതുക്കുന്നതിനും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു

നേരേ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99-21(2)—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും - 50 ലക്ഷം രൂപ

3452-01-103-99-45—പി.ഒ.എൽ - 90 ലക്ഷം രൂപ

3452-80-001-96—ജില്ലാ ഓഫീസുകൾ

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ

30. ജില്ലാ ഓഫീസുകളുടെ കരം ഒടുക്കാനുള്ള കെട്ടിട നികുതിയിനത്തിലെ ചെലവുകൾക്കായി ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

05(4)—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 60.15 ലക്ഷം രൂപ

31. സർക്കാർ ഗസ്റ്റ് ഹൗസുകളുടെയും യാത്രീനിവാസുകളുടെയും പെറ്റി ചെലവുകളും, ലോൺട്രി ചെലവുകൾക്കുമായി ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ

32. ഒരു വർഷത്തേക്ക് വിവിധ അതിഥി മന്ദിരങ്ങളും യാത്രീനിവാസുകളിലേയ്ക്കും കെട്ടിട നികുതി ഇനത്തിൽ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ

20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-22—വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1.2 കോടി രൂപ

33. വി.വി.ഐ.പി.-കളുടെ സംസ്ഥാന സന്ദർശനത്തോടനുബന്ധിച്ച ചെലവുകൾക്കും കഴിഞ്ഞ വർഷത്തെ വി.വി.ഐ.പി കളുടെ സന്ദർശനം സംബന്ധിച്ച ബില്ലുകൾ കൊടുത്തു തീർക്കാനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2026 ഫെബ്രുവരി 19.

**എ.കെ. ശശീന്ദ്രൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.